ഭരണഭാഷ-മാതൃഭാഷ

അടിയന്തിരം

## സർക്കുലർ (III)

ബി1/16600/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി. 28.08.2014.

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം:- പൊതുസ്ഥലംമാറ്റം-2014-15-സംബന്ധിച്ച്-

സൂചന:- 1. ഈ ഓഫീസിലെ 15.3.14-ലെ ഇതേ നം.സർക്കുലർ.
2. 6.8.2014-ലെ എച്ച്(2)/35637/14 നമ്പർ കത്ത്.

*****

സൂചന കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു.

ടി സർക്കുലർ പ്രകാരം എല്ലാ ജില്ലകളിലും 2014-15 അദ്ധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി അദ്ധ്യാപകർ ഓൺലൈനിൽ അപേക്ഷ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ 2014-15-ലെ തസ്തിക നിർണ്ണയത്തിൽ നിരവധി അദ്ധ്യാപക തസ്തികകൾ കുറവ് വരുകയും അത്തരത്തിൽ കുട്ടികൾ കുറവുള്ള സ്കൂളുകളിൽ കൂടുതലായി കണ്ടെത്തിയിട്ടുള്ള അദ്ധ്യാപകരെ നിലനിർത്തുന്നതിനു വേണ്ടി മാത്രം 1:30, 1:35 അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 1:30, 1:35 -ൽ നിലനിർത്തിയിട്ടുള്ള അദ്ധ്യാപകരെ 1:45 പ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുള്ള സ്കൂളുകളിലേയ്ക്ക് സ്ഥലംമാറ്റം നടത്തുമ്പോൾ 1:30, 1:35-പ്രകാരമുള്ള സ്കൂളുകളിൽ റിസൽട്ടന്റ് വേക്കൻസി ഉണ്ടാകുകയില്ല.

ഈ സാഹചര്യത്തിൽ 1:45 പ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുള്ള സ്കൂളുകളിലേയ്ക്ക് മാത്രം ഓൺലൈൻ അപേക്ഷയുടെയും പ്രൊവിഷണൽ സ്ഥലംമാറ്റ ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് സ്ഥലംമാറ്റ ഉത്തരവ് 3.9.14-ന് മുൻപായി നടത്തേണ്ടതാണ്.

1. 1:45 പ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുള്ള സ്കൂളുകളിലേയ്ക്ക് മാത്രമേ സ്ഥലം മാറ്റം അനുവദിക്കാവൂ.
2. 1:45-ൽ ഉള്ള ഒഴിവുകളിലേയ്ക്ക് 1:45, 1:30, 1:35 അനുപാതത്തിൽ നിലനിർത്തിയിട്ടുള്ള അപേക്ഷകരായ ഏതൊരു അദ്ധ്യാപകരേയും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതാണ്. (എന്നാൽ 1:30, 1:35-ൽ വരുന്ന റിസൽട്ടന്റ് വേക്കൻസി യാതൊരു കാരണവശാലും നികത്താൻ പാടുള്ളതല്ല).

3. ഒരു തസ്തികയിൽ ഉള്ള ആകെ സ്ഥലംമാറ്റത്തിന്റെ 10 ശതമാനം അധികരിക്കാതെ മുൻഗണന അർഹിക്കുന്ന വിഭാഗക്കാർക്കായി അനുവദിക്കേണ്ടതാണ്.
4. കഴിഞ്ഞ വർഷം അനുവദിച്ചതിന്റെ തൊട്ടടുത്ത മുൻഗണനാ വിഭാഗത്തെയാണ് ഈ വർഷം ആദ്യം പരിഗണിക്കേണ്ടത്.
5. ഒരേ മുൻഗണനാ വിഭാഗത്തിലുള്ള ഒന്നിലധികം അപേക്ഷകർ ഉണ്ടെങ്കിൽ, ആ വിഭാഗത്തിലെ ഏറ്റവും സീനിയറായിട്ടുള്ള അപേക്ഷകനാണ് സ്ഥലംമാറ്റം അനുവദിക്കേണ്ടത്.
6. പ്രൊവിഷണൽ ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അലോട്ട്മെന്റിൽ നിലവിൽ ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിലോ, അധികം അദ്ധ്യാപകർ നിലനിൽക്കുന്നു എങ്കിലോ അത്തരം സ്ഥലംമാറ്റങ്ങൾ ഡി.ഡി.തലത്തിൽ പരിശോധിച്ചും ഒഴിവാക്കി അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയത് എ & ബി സെക്ഷനിൽ ഇ-മെയിൽ ചെയ്തുതരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**മനോഹരൻ കടുവങ്ങൽ,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

<u>പകർപ്പ്:-</u>

ഐ.റ്റി @ സ്കൂൾ,
പൂജപ്പുര.

*എ.എസ്.28.08.*